**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **31-01-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ലഭ്യമാക്കുന്ന സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ലഭ്യമാക്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | ഒ.ബി.സി. വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി. മെഡിസിൻ / എഞ്ചിനീയറിംഗ് / പ്യൂവർ സയൻസ് / അഗ്രികൾച്ചറൽ സയൻസ് / മാനേജ്മെന്റ് / നിയമം / സോഷ്യൽ സയൻസ് കോഴ്സുകളിൽ ബിരുദത്തിന് ശേഷമുള്ള പഠനത്തിന് ചേരുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വിദ്യാർത്ഥികൾ വിദേശ പഠനം ആരംഭിച്ച് ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള വിദേശ പഠനത്തിനുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകരിച്ച വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനായി, വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 3.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 4% പലിശ നിരക്കിലും, 2.5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | 4.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 5% പലിശ നിരക്കിലും പരമാവധി 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. കോഴ്സ് കാലാവധി പൂർത്തിയാക്കി ആറ് മാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കുന്നതും തിരിച്ചടവ് കാലാവധി 6 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചാർജ്ജുകൾ, വിസ ചെലവുകൾ, വിമാനയാത്രാക്കൂലി എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായാണ് ടി വായ്പ നൽകുന്നത്. |
| (ബി) | ഇവർക്ക് വിദേശ പഠനത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? | (ബി) | ഒ.ബി.സി. വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി. മെഡിസിൻ / എഞ്ചിനീയറിംഗ് / പ്യൂവർ സയൻസ് / അഗ്രികൾച്ചറൽ സയൻസ് / മാനേജ്മെന്റ് / നിയമം / സോഷ്യൽ സയൻസ് കോഴ്സുകളിൽ ബിരുദത്തിന് ശേഷമുള്ള പഠനത്തിന് ചേരുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വിദ്യാർത്ഥികൾ വിദേശ പഠനം ആരംഭിച്ച് ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള വിദേശ പഠനത്തിനുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകരിച്ച വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനായി, വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 3.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 4% പലിശ നിരക്കിലും, 2.5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 4.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 5% പലിശ നിരക്കിലും പരമാവധി 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. കോഴ്സ് കാലാവധി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി ആറു മാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കുന്നതും തിരിച്ചടവ് കാലാവധി 6 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചാർജ്ജുകൾ, വിസ ചെലവുകൾ, വിമാനയാത്രാക്കൂലി എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായാണ് ടി വായ്പ നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി - അർഹതാ മാനദണ്ഡങ്ങൾ

- അപേക്ഷകൻ / അപേക്ഷക കേരളീയനായിരിക്കണം.
- അപേക്ഷൻ / അപേക്ഷക കേരള സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
- ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത് .
- 60 ശതമാനം മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം.
- ബിരുദം നേടിയിട്ടുള്ള വിഷയത്തിലോ ആയതുമായി ബന്ധപ്പെട്ട വിഷയത്തിലോ ഉപരിപഠനം നടത്തുന്നവരെ മാത്രമാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത് .
- പി.എച്ച്.ഡി. കോഴ്സിന് അപേക്ഷിക്കുന്നവർക്ക് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായം അടിസ്ഥാനമാക്കി 40 വയസ്സിൽ താഴെയായിരിക്കണം.
- അപേക്ഷകൻ / അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത് .
- ഒരേ രക്ഷകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.
- അപേക്ഷകൻ സ്വന്തം ഉത്തരവാദിത്വത്തിൽ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ നേടേണ്ടതാണ് .
- ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിംഗ് പ്രകാരമുള്ള ആദ്യ 600 യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കൂ.
- ആദ്യ 200 റാങ്കിൽ ഉൾപ്പെട്ട യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന / ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയും, 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന / ജീവിത ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപയും സ്കോളർഷിപ്പ് അർഹതയ്ക്ക് വിധേയമായി അനുവദിക്കുന്നതാണ് .
- സ്കോളർഷിപ്പിന് തെരഞ്ഞെടുത്തതിന് ശേഷം കോഴ്സോ പഠന കേന്ദ്രമോ മാറാൻ പാടില്ല.
- അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് അനുവദിക്കണമെന്നില്ല. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകിക്കൊണ്ട് പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല തെരഞ്ഞെടുപ്പ് സമിതി അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ് .